STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 2342950, 2342271, 2342369 email : scolekerala@gmail.com

No. DCA/4299/19/SCOLE-Kerala Date: 22.08.2019

## പുന:പ്രവേശന മാർഗ്ഗനിർദ്ദേശങ്ങൾ

1. ഡി.സി.എ കോഴ്സിൽ ഒരു ബാച്ചിൽ ചേർന്ന ശേഷം ആ ബാച്ചിന്റെ സമ്പർക്ക ക്ലാസ്സിൽ പങ്കെടുക്കാത്തവർ നിശ്ചിത ഹാജർ കുറവിനാൽ ഡി.സി.എ പൊതു പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാൻ കഴിയാത്തവർ എന്നിവർക്ക് മൂന്ന് വർഷം വരെ തുടർ ബാച്ചുകളിലെ സമ്പർക്ക ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിന് പുന:പ്രവേശനം അനുവദിക്കും.

2 സ്കോൾ-കേരള ഡി.സി.എ മൂന്നാം ബാച്ച് മുതലുള്ള വിദ്യാർത്ഥികൾക്ക് ഡി.സി.എ അഞ്ചാം ബാച്ചിൽ ഓൺലൈനായി പുന:പ്രവേശനം അനുവദിക്കുന്നതാണ്.

3 പുന:പ്രവേശനത്തിനുള്ള അപേക്ഷയോടൊപ്പം സമ്പർക്ക ക്ലാസ്സുകളിൽ പങ്കെടുത്തിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള പഠനകേന്ദ്രം പ്രിൻസിപ്പാളിന്റെ കത്ത് ഹാജരാക്കേണ്ടതാണ്.

4 പുന: പ്രവേശന ഫീസ് 500/- രൂപ യാണ് കൂടാതെ കോഴ്സ് ഫീസ് പൂർണ്ണമായും ഒടുക്കാത്ത വിദ്യാർത്ഥികൾക്ക് പുന:പ്രവേശന ഫീസിനോടൊപ്പം ബാക്കി തുക ഒടുക്കേണ്ടതാണ്.

## അപേക്ഷിക്കേണ്ട വിധം

1. സ്കോൾ-കേരള ഡി.സി.എ മൂന്നാം ബാച്ച് മുതലുള്ള വിദ്യാർത്ഥികൾക്ക് ഡി.സി.എ അഞ്ചാം ബാച്ചിൽ സ്കോൾ-കേരള വെബ് സൈറ്റ് (wwwscolekerala.org) മുഖാന്തിരം Re-registration അഡ്മിഷൻ സ്യൂട്ടിൽ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.

2 ഓൺലൈൻ രജിസ്ട്രേഷൻ രണ്ട് ഘട്ടങ്ങളിലായിട്ടാണ് നടത്തേണ്ടത്. വിദ്യാർത്ഥികൾക്ക് അവരുടെ മുൻ അഡ്മിഷൻ നമ്പറും ബാച്ചും രേഖപ്പെടുത്തുമ്പോൾ അവരവരുടെ മുൻ രജിസ്ട്രേഷൻ വിശദാംശങ്ങൾ retrieve ചെയ്ത് വരുന്ന വിധമാണ് അഡ്മിഷൻ സ്യൂട്ട് ക്രമീകരിച്ചിട്ടുള്ളത്. ഇപ്രകാരം retrieve ചെയ്ത് വരുന്ന വ്യക്തിഗത വിവരങ്ങളിൽ ക്രമ നം. 15 മുതൽ 21 വരെയുള്ള ഫീൽഡുകൾ എഡിറ്റ് ചെയ്യുന്നതിനുള്ള ഓപ്ഷൻ വിദ്യാർത്ഥികൾക്ക് ലഭ്യമാണ്. വിദ്യാർത്ഥികളുടെ വ്യക്തിഗത വിവരങ്ങൾ എന്റർ ചെയ്ത് ഫീസ് അടക്കാനുള്ള ചെലാൻ ജനറേറ്റ് ചെയ്ത് പ്രിന്റ് എടുക്കുന്നത് വരെയുള്ള ഒന്നാം ഘട്ടം. ജനറേറ്റ് ചെയ്ത ചെലാൻ ഉപയോഗിച്ച് ഏതെങ്കിലും പോസ്റ്റോഫീസിൽ ഫീസ് ഒടുക്കിയ ശേഷം ഫീസടച്ച തീയതി, പോസ്റ്റോഫീസിന്റെ പേര്, ഫീസ് അടയ്ക്കുമ്പോൾ പോസ്റ്റോഫീസിൽ നിന്ന് ലഭിക്കുന്ന രസീതിലെ ഇൻവോയിസ് നമ്പർ എന്നിവ രേഖപ്പെടുത്തിയ ശേഷം അപേക്ഷ confirm ചെയ്ത് പ്രിന്റ് എടുക്കുന്നതുവരെയുള്ള രണ്ടാംഘട്ടം

3 അപേക്ഷ confirm ചെയ്തതിനുശേഷം പ്രിന്റ് ഔട്ട് എടുത്ത് ഒറിജിനൽ ചെലാനും യോഗ്യത ( എസ്.എസ്.എൽ.സി/തത്തുല്യം) തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, സമ്പർക്ക ക്ലാസ്സുകളിൽ പങ്കെടുത്തിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള പഠനകേന്ദ്രം പ്രിൻസിപ്പാളിന്റെ കത്ത് എന്നിവ സഹിതം നിശ്ചിത തീയതിക്കുള്ളിൽ സ്കോൾ-കേരള സംസ്ഥാന ഓഫീസിൽ നേരിട്ടോ തപാൽ മാർഗ്ഗമോ എത്തിക്കണം. വിലാസം- എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ-കേരള, വിദ്യാഭവൻ, പൂജപ്പുര പി.ഒ, തിരുവനന്തപുരം-12

എക്സിക്യൂട്ടീവ് ഡയറക്ടർ

C1/E/SCOLE/DCA/LettersMal/375